5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുക.

6. ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40 ശതമാനമായി വർദ്ധിപ്പിക്കുക.

7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക.

8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.

9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുക.

10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക.

(ബി) റബ്ബർ കർഷകർക്ക് സബ്സിഡി നൽകുന്നത് റബ്ബർ ബോർഡാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) ബാധകമല്ല.

**നെല്ലുടിസ്ഥാനത്തിലുള്ള കാർഷിക രീതിയുടെ സ്ഥായിയായ വികസന പദ്ധതി**

299 (1741) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി വർദ്ധിപ്പിക്കുന്നതിനും ശരാശരി ഉല്പാദനം ഹെക്ടറിന് 3 ടണ്ണിൽ കൂടുതൽ ആക്കുന്നതിനും വേണ്ടി നെല്ലുടിസ്ഥാനത്തിലുള്ള കാർഷിക രീതിയുടെ സ്ഥായിയായ വികസന പദ്ധതി 2009-2013 കാലത്ത് നടപ്പാക്കുന്നതിന് എത്ര രൂപ സംസ്ഥാനത്താകെ അനുവദിച്ചു ; വ്യക്തമാക്കാമോ ;

(ബി) എത്ര രൂപ ചെലവഴിച്ചു ; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) 2009-ൽ സംസ്ഥാനത്താകെ എത്ര ഹെക്ടർ ഭൂമിയിൽ നെൽകൃഷി നടത്തി ; 2013-ൽ അത് എത്ര ഹെക്ടറായി ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) 2009-ൽ ആകെ എത്ര മെട്രിക് ടൺ നെല്ല് ഉല്പാദനം നടന്നു ; ഇത് 2013-ൽ എത്രയായി ; ഉല്പാദനത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഇ) വയനാട്ടിലെ ആദിവാസി കർഷകർക്ക് പദ്ധതിയുടെ ഭാഗമായി പ്രസ്തുത കാലയളവിൽ എത്ര രൂപ നൽകി ; ആയതിന്റെ ഭൗതിക നേട്ടം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2009-2013 കാലയളവിൽ നെല്ലടിസ്ഥാനത്തിലുള്ള കാർഷിക രീതിയുടെ സ്ഥായിയായ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 50809.28 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

(ബി) 44455.08 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) 2009-10-ൽ 234013 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 2013-2014-ൽ നെൽകൃഷിയുടെ വിസ്തീർണ്ണം 199611 ഹെക്ടർ ആയിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി) 2009-ൽ ആകെ 598339 മെട്രിക് ടൺ നെല്ലുല്പാദിപ്പിക്കുകയുണ്ടായി. ആയത് 2013-14-ൽ 550626 മെട്രിക് ടൺ ആവുകയുണ്ടായി. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ഇ) വിവരം ശേഖരിച്ചുവരുന്നു.

**പ്രകൃതിക്ഷോഭങ്ങൾക്കുള്ള നഷ്ടപരിഹാരം**

300 (1742) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭങ്ങൾമൂലം നാശനഷ്ടങ്ങൾക്കിരയാവുന്ന കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക കാർഷിക വിളകൾ ഓരോന്നിനും എത്ര രൂപാ നിരക്കിലായിരുന്നു; ഏറ്റവും ഒടുവിൽ നിരക്കിൽ വരുത്തിയ മാറ്റം അനുസരിച്ച് നിലവിലുള്ള നിരക്കുകൾ വിശദമാക്കാമോ ;

(ബി) തന്നാണ്ടിൽ പ്രകൃതിക്ഷോഭങ്ങൾമൂലം കൃഷിനാശം സംഭവിച്ചതിന്റെ കണക്കുകൾ ശേഖരിക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ.കെ.) വകുപ്പിന്റെ 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകിവന്നിരുന്നത്. ഓരോ വിളയ്ക്കും നൽകിവന്നിരുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly